# മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി 2016

സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ചവരുത്തിയതിനാൽ ജപ്തി ഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/ പിഴപ്പലിശയിളവും കടാശ്വാസവും അനുവദിയ്ക്കുന്നതിന് നടപ്പാക്കുന്ന "മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി 2016" ഭവന നിർമ്മാണ ബോർഡിലും നടപ്പിലാക്കുന്നതിന് 20/08/2016-ലെ സ.ഉ.(പി) നമ്പർ 118/2016/ധന നമ്പർ പ്രകാരം സർക്കാർ ഉത്തരവായി. ഭവന നിർമ്മാണ ബോർഡിൽനിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും, മുതലും പലിശയും, പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയിട്ടുള്ളതുമായ വായ്പാ ഗുണഭോക്താക്കളുടെ കുടിശ്ശിക തുക മേൽ ഉത്തരവു പ്രകാരം പൂർണ്ണമായും എഴുതിതള്ളുന്നു. മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ചുതീർത്തതുമായ എൽ.ഐ.ജി വിഭാഗത്തിൽപ്പെട്ട വായ്പയിൽ ബാക്കിനിൽക്കുന്നതും, മുതലിന്റെ 200% എത്തുന്നതുവരെ യുള്ളതുമായ തുക 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി നൽകുന്നതാണ്. ടി ആനുകൂല്യങ്ങൾ സർക്കാർ ഉത്തരവുതീയതി വരെ പണം അടച്ചിട്ടുള്ളവർക്ക് മാത്രം ബാധകമാണ്.